# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 9 Issue 11 December 2023



Content

# ഉള്ളടക്കം


RESEARCH WINGS 16

Welcome TO JUBILEE FAMILY 32

എഡിറ്റോറിയൽ ........ 01

ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയാൻ ........ 03

ടാലന്റ്സ് ഡേ – 2023 ........ 06

പെലിക്കാനസ് 2023 ........ 07

പ്രമേഹദിനാചരണം ........ 09

ആയുർവേദ ദിനമാഘോഷിച്ച് ജൂബിലി ആയുർവേദ ........ 10

റേഡിയോളജി ദിനാഘോഷം ........ 11

ടോക്ക് സിരീസ് ........ 13

ക്ലിനിക്കൽ പ്രോട്ടിയോമിക്സ് വർക്ക്ഷോപ്പ് ........ 14

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി ........ 19

ഉണ്ണിയേശുവിനെ സ്വീകരിക്കാൻ ഹൃദയമൊരുക്കാം ........ 34

ആർത്തവ വിരാമം പ്രശ്നവും പരിഹാരവും ........ 36

DOCTOR'S CORNER 26

നമുക്കിടയിൽ 31

33



# ഉണ്ണീശോയുടെ ജനനം സന്തോഷത്തിന്റെ സദ്വാർത്ത

സ്നേഹമുള്ളവരെ,

"ഭയപ്പെടേണ്ട ഇതാ സകല ജനത്തിനു വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്ക 2:10). വിശുദ്ധ ഗ്രന്ഥത്തിലെ ലൂക്കായുടെ സുവിശേഷത്തിൽ മാലാഖ ആട്ടിടയൻമാർക്ക് ഈശോയുടെ ജനനത്തെ കുറിച്ചുള്ള സദ്വാർത്ത കൊടുക്കുന്ന സുവിശേഷ ഭാഗമാണിത്. സകലജനത്തിനു വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത. ഉണ്ണീശോയുടെ ജനനം നമുക്ക് ഓരോരുത്തർക്കും സന്തോഷത്തിന്റെ സദ്വാർത്തയാണ്. നമ്മൾ ഓരോരുത്തരുടെയും ജീവിതത്തിൽ ദൈവം ഇടപെടുന്നതിന്റെ, നമ്മൾ ഓരോരുത്തരും സന്തോഷത്തോടെ ജീവിക്കണം എന്ന ദൈവീക പദ്ധതിയുടെ വെളിപ്പെടുത്തൽ ആണിത്. ഈ സദ്വാർത്ത സ്വീകരിച്ച ആട്ടിടയന്മാർ ദാവീദിന്റെ പട്ടണത്തിൽ ചെന്ന് പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ് പുൽതൊട്ടിലിൽ കിടത്തിയിരിക്കുന്ന ഈശോയെ അവർ കണ്ടു. നമുക്കും ലഭിച്ചിരിക്കുന്ന ഈ സദ്വാർത്ത കേട്ട് നാം ഈശോയെ എവിടെയാണ് കണ്ടെത്തുന്നത്? ക്രിസ്തുമസിനു വേണ്ടിയുള്ള നമ്മുടെ ഒരുക്കവും ക്രിസ്മസിനു ശേഷം നാം കേൾക്കുന്ന വാർത്തകളും പലപ്പോഴും



സന്തോഷത്തോടൊപ്പം ദുഖവും പകരുന്നതാണ്. ക്രിസ്മസിന് വേണ്ടിയുള്ള എന്റെ ഒരുക്കത്തെയും ആ ഒരുക്കത്തിന്റെ പൂർത്തീകരണമായി ഉണ്ണീശോയുടെ പിറവിയോടൊത്ത് എന്നിൽ വരുന്ന മാറ്റത്തെയും നമുക്ക് ദൈവത്തിന് സമർപ്പിക്കാം. ഉചിതമായ തീരുമാനങ്ങൾ എടുത്ത് സന്തോഷത്തിന്റെ വാർത്ത ഏവരെയും അറിയിക്കുന്ന മാലാഖമാരായി ഈ ക്രിസ്മസ് അവസരത്തിൽ നമുക്ക് ഓരോരുത്തർക്കും മാറാം.

ജൂബിലി മിഷൻ ആശുപത്രിയെ സംബന്ധിച്ചിടത്തോളം ഒത്തിരി പ്രത്യേകതകൾ ഉള്ള കാലഘട്ടമാണ് ഡിസംബർ മാസം. ഈ മാസത്തിലാണ് നമ്മുടെ അമ്മയുടെ അമലോൽഭവ തിരുനാൾ ആചരിക്കുന്നത്. ഡിസംബർ 17നാണ് ജൂബിലി മിഷൻ ആശുപത്രിയുടെ ജന്മദിനം ആഘോഷിക്കുന്നത്. ഈ വർഷം ജൂബിലി മിഷൻ ആശുപത്രിയുടെ 73-ാമത്തെ ജന്മദിനമാണ് നമ്മൾ ആഘോഷിക്കുന്നത്. 72 വർഷങ്ങൾ ജൂബിലി രോഗികളെ ശുശ്രൂഷിച്ചുകൊണ്ട് നിലനിന്നു എന്നുള്ളത് നമ്മുടെ കഠിനാധ്വാനത്തിന്റെ വലിയ ഒരു സാക്ഷ്യമാണ്. നമുക്കു മുൻപേ രോഗികളെ ശുശ്രൂഷിച്ച് ഈ സാക്ഷ്യത്തിന് അടിത്തറ പാകിയ എല്ലാവരെയും നമുക്ക് സ്മരിക്കാം. അവർ സ്ഥാപിച്ച അടിത്തറ മേൽ ഉയർന്നു നിന്നുകൊണ്ട് പൂർവികർ കാണിച്ചുതന്ന മാതൃക പിഞ്ചല്ലുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.

കഴിഞ്ഞ ഒരു വർഷക്കാലത്തെ നമ്മുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും 2024 എന്ന പുതുവർഷത്തിലേക്ക് പദ്ധതികൾ ഒരുക്കാനും ഉള്ള ഒരു സമയമാണ് ഡിസംബർ. ഏതൊരു വ്യക്തിയെ സംബന്ധിച്ചും ഏതൊരു സ്ഥാപനത്തെ സംബന്ധിച്ചും കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും പുതു പദ്ധതികൾ ഒരുക്കുവാനുള്ള സമയം. കാലഘട്ടത്തിനനുസരിച്ച് യുക്തിപരമായി ചിന്തിച്ച് കരുണാർദ്രമായ ഹൃദയം കൊണ്ട് തീരുമാനിച്ച് നമുക്കും മുന്നോട്ടു പോകാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ഷിജോ മാപ്രാണത്തുകാരൻ**
അസി. ഡയറക്ടർ



# ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയാൻ

## ലോക മൈക്രോബിയൽ റെസിസ്റ്റൻസ് ബോധവത്കരണ വാരം

വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ ആഹ്വാന പ്രകാരം എല്ലാ വർഷവും ലോക മൈക്രോബിയൽ റെസിസ്റ്റൻസ് ബോധവത്കരണ വാരം നവംബർ 18 മുതൽ 24 വരെ ആചരിക്കുന്നു. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനാണ് വർഷം തോറും ലോക മൈക്രോബിയൽ റെസിസ്റ്റൻസ് ബോധവത്കരണവാരം ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയും മൈക്രോബയോളജി ഡിപ്പാർട്ട്മെന്റും സംയുക്തമായി ഒരാഴ്ച നീണ്ടുനിന്ന വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. നവംബർ 18-ാം തിയ്യതി ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പരിപാടി ഉദ്ഘാടനം ചെയ്തു. അന്നേദിവസം ആശുപത്രിയിൽ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമായി കൊളാഷ്



മത്സരം നടത്തുകയുണ്ടായി. കൊളാഷ് മത്സരത്തിൽ എം. ബി. ബി. എസ്. 19-ാം ബാച്ച് വിദ്യാർത്ഥികളായ ഈഫ, കൃഷ്ണാഞ്ജലി, ദേവിക, എന്നിവർ ഒന്നാം സ്ഥാനവും സെൻട്രൽ ലാബ് സ്റ്റാഫ് ടീം രണ്ടാം സ്ഥാനവും പി. എം. ആർ. ഡിപ്പാർട്ട്മെന്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. നവംബർ 21-ാം തിയ്യതി ചൊവ്വാഴ്ച നടന്ന വിദഗ്ദ്ധരുടെ സമ്മേളനത്തിൽ ഈ മേഖലയിലെ


















പ്രഗത്ഭരായ ഡോ. രാജലക്ഷ്മി (കിംസ് ഹെൽത്ത്, തിരുവനന്തപുരം), ഡോ. മെർലിൻ മോനി (അമൃത, കൊച്ചി), ഡോ. ആദർശ് എ. കെ. (അമല മെഡിക്കൽ കോളേജ്, തൃശ്ശൂർ) തുടങ്ങിയവർ ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിന്റെ ആവശ്യകതയെക്കുറിച്ചുള്ള വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ







അവതരിപ്പിച്ചു. പൊതുജനങ്ങളുടെ ബോധവത്കരണ പരിപാടികളോട് അനുബന്ധിച്ച് തൃശ്ശൂർ സെന്റ് മേരീസ് കോളേജിലെ വിദ്യാർത്ഥിനികൾക്കായി സെമിനാറും, നഗരത്തിൽ മെഡിക്കൽ വിദ്യാർത്ഥികളുടെ തെരുവുനാടകവും ഫ്ളാഷ്മോബും സംഘടിപ്പിച്ചു.





# TALENTS DAY 2023







ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ടാലന്റ്സ് ഡേ 2023 നവംബർ 1-ാം തിയ്യതി ആഘോഷിച്ചു. 2022 - 2023 വർഷത്തിൽ ജൂബിലി മിഷനിൽ പഠനത്തിലും കലാ കായിക മേഖലകളിലും മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച അധ്യാപകരേയും ആദരിച്ചു. 24 യു. ജി. വിദ്യാർത്ഥികൾ, 5 പി. ജി. വിദ്യാർത്ഥികൾ, 33 അദ്ധ്യാപകർ, അക്കാദമിക് & അഡ്മിനിസ്ട്രേഷനിൽ നിന്നുള്ളവർ എന്നിവരെ ചടങ്ങിൽ അനുമോദിച്ചു. വിവിധ പ്രസിദ്ധീകരണത്തിനായുള്ള ഇൻസെന്റീവ് തുക 17 റിസർച്ച് അംഗങ്ങൾക്കു ചടങ്ങിൽ വച്ച് നൽകി. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രശസ്തിപത്രങ്ങൾ വിതരണം ചെയ്തു. ഫാ. റെന്നി മുണ്ടൻകുരിയൻ ആശംസകൾ അർപ്പിച്ചു. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് ജൂബിലിയുടെ പ്രശസ്തി ഉയർത്തിപ്പിടിച്ച പ്രതിഭകൾക്ക് നന്ദി പറഞ്ഞു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറയുടെ നേതൃത്വത്തിലാണ് ടാലന്റ്സ് ഡേ - 2023 സംഘടിപ്പിച്ചത്.



## പെലിക്കാനസ് 2023

# മികച്ച മിഷനറി ഡോ. അലൻ

ആതുരശുശ്രൂഷാരംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ച തൃശൂർ ജൂബിലി മിഷൻ ആശുപത്രി സ്ഥാപകൻ ബിഷപ്പ് മാർ ജോർജ്ജ് ആലപ്പാട്ടിനെയും സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയേയും 60 വർഷത്തിലധികം നിസ്വാർത്ഥ സേവനം ചെയ്ത ഡോ. എച്ച്. എസ്. ഏഡൻവാലയേയും സ്മരിക്കുന്ന പെലിക്കാനസ് 2023 നവംബർ 4-ാം തിയ്യതി സംഘടിപ്പിച്ചു. ആതുരശുശ്രൂഷാരംഗത്ത് നാഴികക്കല്ലായ ജൂബിലി മിഷൻ മെഡിക്കൽ കോളജിന്റേയും ഇതര സ്ഥാപനങ്ങളുടെയും വളർച്ചയിൽ നിർണ്ണായ പങ്കുവഹിച്ചവരാണിവർ. ഒരു ഡിസ്പെൻസറിയിൽ നിന്നുമാരംഭിച്ച് 1600 കിടക്കകളും 27 സൂപ്പർ സ്പെഷാലിറ്റി ഡിപ്പാർട്ടുമെന്റുകളും 13 സ്പെഷാലിറ്റി ഡിപ്പാർട്ടുമെന്റുകളുമുള്ള വലിയൊരു സ്ഥാപനമായി വളർന്നു. സ്ഥാപകനായ മാർ ജോർജ്ജ് ആലപ്പാട്ട് ബിഷപ്പിന്റെ 50-ാം ചരമവാർഷികംകൂടിയാണ് ഈ വർഷം. സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ നാഷണൽ ഹെൽത്ത് കെയർ മിഷനറി അവാർഡിന് ബോംബെ കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. അലൻ ഡേവിസ് ആലപ്പാട്ട് അർഹനായി. പെലിക്കാനസ് ചടങ്ങിൽ വെച്ച് തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ദേഹത്തിന് 50001 രൂപയടങ്ങുന്ന ഉപഹാരവും

പ്രശസ്തിപത്രവും നൽകി. 60 വർഷത്തിലധികം ജൂബിലിയിൽ വിവിധ സർജറി വിഭാഗങ്ങളിൽ പ്രവർത്തിക്കുകയും പിന്നീട് മുറിച്ചുണ്ട് ശസ്ത്രക്രിയയിലൂടെ പ്രഗത്ഭനായി മാറുകയും ചെയ്ത ഡോ. ഏഡൻവാലയുടെ പേരിൽ ഏർപ്പെടുത്തിയ പ്രഭാഷണപരമ്പരയിൽ രണ്ടാമത്തേത് ബോംബെ ബ്രീച്ച് കാന്റി ഹോസ്പിറ്റലിലെ ഡോ. ഫറൂഖ് ഉദ്വാദിയ 'ദ ഫോർഗോട്ടൺ ആർട്ട് ഓഫ് ഹീലിങ്ങ്' എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. പത്മഭൂഷൻ ജേതാവായ ഡോ. ഉദ്വാദിയ തീവ്രപരിചരണ വിഭാഗത്തിലെ പ്രശസ്തനാണ്. ഡോ. ഏഡൻവാലയുടെ കൂടെ നഴ്സിങ്ങ് അസിസ്റ്റന്റായി 50 വർഷത്തിലധികം ജൂബിലിയിൽ സേവനമനുഷ്ഠിച്ച് വിരമിച്ച കെ.എൽ. മേരിയെ അനുമോദിക്കുകയും ജൂബിലിയുടെ അനസ്തേഷ്യാ വിഭാഗത്തെ പ്രതിനിധീകരിച്ചുകൊണ്ട് അനസ്തേഷ്യാ വിഭാഗം മേധാവി ഡോ. മറിയം കോശി തോമസ് ഉപഹാരം നൽകുകയും ചെയ്തു.

മഹാരാഷ്ട്രയിലെ മലാഡിലെ കുറാർ ഗ്രാമത്തിൽ മൂന്ന് പതിറ്റാണ്ടിലേറെയായി മിഷനറി കാഴ്ചപ്പാടോടെ വൈദ്യസഹായം എത്തിക്കുന്ന ഡോ. അലൻ 500-ൽ അധികം കണ്ണുകൾ മരിച്ചവരുടെ ബന്ധുക്കളുടെ അനുവാദത്തോടെ നേത്രദാനത്തിനുവേണ്ടി യുവരാജ് നേത്രദാൻ നേത്രബാങ്കിൽ എത്തിച്ചിട്ടുണ്ട്. കുറാർ ഗ്രാമത്തിലെ ഇരുപതിനായിരത്തിലധികം കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പുകൾ നടത്തി ലിംഗ ബുക് ഓഫ് റെക്കോർഡിൽ ഇടം നേടിയിട്ടുണ്ട്. കുഷ്ഠരോഗം, എയ്ഡ്സ് എന്നിവയുടെ ചികിത്സാരംഗത്ത് ഡോ. അലന്റെ സംഭാവന പ്രശംസാർഹമാണ്.

ചടങ്ങിൽ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷതവഹിച്ചു.ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. പി.സി. ഗിൽവാസ് ഡോ. എച്ച്. എസ്. ഏഡൻവാല മെമ്മോറിയൽ ഒറേഷന്റെ പ്രഭാഷകൻ പത്മഭൂഷൻ ഡോ. ഫാറൂഖ് ഉദ്വാദിയയെയും മോൺ മാത്യു മുരിങ്ങാത്തേരി ഹെൽത്ത് കെയർ മിഷനറി അവാർഡ് ജേതാവ് ഡോ. അലൻ ഡേവിസ് ആലപ്പാട്ടിനെ പെലിക്കാനസ് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. പി. ആർ. വർഗ്ഗീസും സദസ്സിന് പരിചയപ്പെടുത്തി. തൃശൂർ അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ആശംസകളർപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നന്ദി പറഞ്ഞു.




# പ്രമേഹദിനാചരണം

**സൗജന്യ പ്രമേഹ നിർണ്ണയവും പ്രമേഹാനുബന്ധ നേത്രരോഗ നിർണ്ണയ ക്യാമ്പും ഡയബറ്റിക് റെറ്റിനോപതി സ്ക്രീനിങ്ങും**

ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളജിലെ നേത്രരോഗ വിഭാഗവും ഐ.എം.എ. ജൂബിലിയും തൃശൂർ അക്കാദമിക് ക്ലബ് ഓഫ് ഒഫ്താൽമോളജിയും ചേർന്ന് 2023 നവംബർ 14-ാം തിയ്യതി ചൊവ്വാഴ്ച സൗജന്യ പ്രമേഹ നിർണ്ണയവും പ്രമേഹാനുബന്ധ നേത്രരോഗ നിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു.

ജൂബിലി ആശുപത്രി നേത്രരോഗവിഭാഗം ചീഫ് കൺസൾട്ടന്റ് ഡോ. സി.വി. ആൻഡ്രൂസിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച ചടങ്ങിൽ ഐ.എം.എ. ജൂബിലി വൈസ് പ്രസിഡന്റ് ഡോ. ബ്രിജി പണിക്കർ അദ്ധ്യക്ഷതവഹിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന്റെ പ്രമേഹരോഗ പരിശോധനയോടെ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഐ.എം.എ. ജൂബിലി സെക്രട്ടറി ഡോ. മുഹമ്മദ് റാഫി ബോധവത്കരണ ക്ലാസ് നടത്തുകയും തുടർന്ന് നേത്രരോഗ വിഭാഗം ഡോക്ടർമാരായ ഡോ. അലക്സ്, ഡോ. മോൺസി എന്നിവരുടെ നേതൃത്വത്തിൽ രോഗനിർണ്ണയം നടത്തുകയും ചെയ്തു. തൃശൂർ അക്കാദമിക് ക്ലബ് ഓഫ് ഒഫ്താൽമോളജി പ്രസിഡന്റ് ഡോ. റോളണ്ടിന്റെ നന്ദി പ്രസംഗത്തോടുകൂടെ ചടങ്ങുകൾ സമാപിച്ചു.

പരിപാടിയോടനുബന്ധിച്ച് സൗജന്യമായി പ്രമേഹ പരിശോധനയും ഡയബറ്റിക് റെറ്റിനോപതി സ്ക്രീനിങ്ങും നടത്തി. 115 പേരെ പരിശോധനയ്ക്കു വിധേയരാക്കിയതിൽ 36 പേർക്ക് പ്രമേഹം കണ്ടെത്തി. ഇവർക്ക് വിശദമായ പരിശോധന നടത്തുകയും തുടർചികിത്സ നൽകുകയും ചെയ്തു.



# ആയുർവേദ ദിനമാഘോഷിച്ച്

## ജൂബിലി ആയുർവേദ

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ രാമവർമ പുരം ക്യാമ്പസ്സിൽ വച്ച് നവംബർ 10 ന് ദേശീയ ആയുർവേദ ദിനം ആഘോഷിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജൂബിലി മിഷൻ ഹോസ്പിറ്റൽ സി. ഇ. ഒ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. ജൂബിലി പാസ്റ്ററൽ കെയർ മെമ്പർ ഫാ. ഡിറ്റോ കൂള, ജൂബിലി ആയുർവേദ ചീഫ് കൺസൾ റ്റന്റ് ഡോ. സിസ്റ്റർ ഡൊണാറ്റ, കൺസൾറ്റന്റ് ഡോ. സിസ്റ്റർ നിർല്ലീന, കൺസൾറ്റന്റ് ഡോ. ഹാർവിൻ ജോർജ്, ജൂബിലി ആയുർവേദ അഡ്മിനിസ്ട്രേറ്റർ ഡോ. ബിനു ബാഹുലേയൻ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് സ്റ്റാഫുകളുടെ കലാപ രിപാടികൾ അരങ്ങേറി.






# റേഡിയോളജി ദിനാഘോഷം

റേഡിയോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നവംബർ 8-ന് International day of Radiology and World Radiography day ആഘോഷിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനംചെയ്ത ചടങ്ങിൽ റേഡിയോളജി ഇൻ ചാർജ്ജ് സിസ്റ്റർ റോസിൻ സ്വാഗതം ആശംസിച്ചു. റേഡിയോളജി വിഭാഗം പ്രൊഫസർ ഡോ. ബിനോജ് വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അലക്സ് ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. IRIA കോൺഫറൻസിൽ പോസ്റ്റർ കോമ്പറ്റീഷനിൽ ഒന്നാം








# മിഷൻ സൺഡേ ദിനാചരണം







ജൂബിലി മിഷൻ ആശുപത്രിയിൽ മിഷൻ സൺഡേ ദിനാചരണത്തിന്റെ ഭാഗമായി നഴ്സിങ്ങ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഭക്ഷണസാധനങ്ങൾ, സ്റ്റേഷനറി ഐറ്റംസ്, കളിപ്പാട്ടങ്ങൾ തുടങ്ങി വിവിധ സ്റ്റാളുകളിലൂടെ കാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണം നടത്തി.



സ്ഥാനം കരസ്ഥമാക്കിയ പി. ജി. റസിഡന്റ് ഡോ. സിദ്ധാർത്ഥ് പി., യു. ജി. റേഡിയോളജി ക്വിസ് വിജയി, പ്രണവ് എസ്. വി. (17th Batch MBBS), ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CMAI), DMLT എക്സാം വിന്നർ ലിൻഷ പി. എം. റേഡിയോളജി ദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ കോമ്പറ്റീഷൻ മത്സരങ്ങളിലെ വിജയികൾ എന്നിവർക്ക് ഫാ. റെന്നി മുണ്ടൻകുരിയൻ ക്യാഷ് പ്രൈസുകൾ സമ്മാനിച്ചു. റേഡിയോഗ്രാഫർ ശ്രീ. മാത്യു ഇ.ജെ. ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.




# ടോക്ക് സീരീസ്

INTEGRATIVE AYURVEDA IN DERIVING EQUATIONS FOR CLINICAL DIAGNOSIS'

ജൂബിലി ആയുർവേദ മിഷൻ ആശുപത്രി, വൈദ്യരത്നം ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജെ.സി.എം.ആർ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന ടോക്ക് സീരീസിലെ 7-ാം അദ്ധ്യായം നവംബർ 15, ബുധനാഴ്ച ന്യൂ സി.സി.എം ഹാളിൽ വച്ച് സംഘടിപ്പിച്ചു. 'Integrative Ayurveda in Deriving Equations for Clinical Diagnosis' എന്ന വിഷയത്തിൽ വൈദ്യരത്നം ആയുർവേദ കോളേജിലെ ശല്യതന്ത്ര വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ. എൻ. കെ. എം ഇക്ബാൽ പ്രഭാഷണം നടത്തി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ജൂബിലി ആയുർവേദ കൺസൾട്ടന്റ് ഡോ. ഹാർവിൻ ജോർജ്, സീനിയർ കൺസൾട്ടന്റ് ഡോ. എൻ.വി. ശ്രീവത്സ്, റിസർച്ച് സയന്റിസ്റ്റ് ഡോ. മാത്യു ജോൺ എന്നിവർ സംസാരിച്ചു. പ്രസ്തുത വിഷയത്തെ കുറിച്ചുള്ള ചർച്ചയിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, ആയുർവേദ ചീഫ് കൺസൾട്ടന്റ് ഡോ. സിസ്റ്റർ ഡൊണാറ്റ, വൈദ്യരത്നം ഒല്ലൂർ ശ്രീ. രാജേഷ് മണി എന്നിവർ പങ്കെടുത്തു.



# ക്ലിനിക്കൽ പ്രോട്ടിയോമിക്സ് വർക്ക്ഷോപ്പ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ കീഴിലുള്ള ബയോകെമിസ്ട്രി - ഫൈറ്റോകെമിസ്ട്രി ഗവേഷണവിഭാഗം 2023 നവംബർ 2 മുതൽ 4 വരെയുള്ള തിയ്യതികളിൽ 'ക്ലിനിക്കൽ പ്രോട്ടിയോമിക്സ്' എന്ന വിഷയത്തിൽ പരിശീലന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നും ഗവേഷണ സ്ഥാപനങ്ങളിൽനിന്നുമുള്ള 15 പേർ ഇതിൽ പങ്കെടുത്തു.

നീർവീക്ക സംബന്ധമായ രോഗങ്ങൾക്ക് പ്രോട്ടിയോമിക്സ് എന്ന നൂതന പ്രക്രിയ ഉപയോഗപ്പെടുത്തി ബയോമാർക്കർ എപ്രകാരം രൂപപ്പെടുത്താം എന്നതിനെ സംബന്ധിച്ചുള്ള പഠനമായിരുന്നു പ്രധാന അവതരണ വിഷയം. ഇതിനോടനുബന്ധിച്ച് നടന്ന വിവിധ പഠന ക്ലാസുകളിൽ പ്രോട്ടീൻ വേർതിരിച്ചെടുക്കുന്ന വിവിധ പ്രക്രിയകളും ഇപ്രകാരം വേർതിരിക്കപ്പെടുന്ന പ്രോട്ടീനുകൾ എങ്ങനെ ബയോമാർക്കറായി രൂപപ്പെടുത്താം







എന്നതിനെക്കുറിച്ചും പരീക്ഷണങ്ങൾ തത്സമയം കാണിച്ചും പരിശീലിപ്പിച്ചും ആശയങ്ങൾ അവതരിപ്പിച്ചു.

രണ്ടാം തിയ്യതി നടന്ന ഉദ്ഘാടന ചടങ്ങിൽ ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടന പ്രസംഗവും അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി അനുഗ്രഹ പ്രഭാഷണവും നടത്തി. പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, റിസർച്ച് കോ ഓർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് എന്നിവർ ആശംസാപ്രസംഗവും നടത്തി. റിസർച്ച് ഡയറക്ടർ പ്രൊഫ. ഡി. എം. വാസുദേവൻ അധ്യക്ഷ പ്രസംഗവും തുടർന്ന് ക്ലിനിക്കൽ പ്രോട്ടിയോമിക്സ് എന്ന വിഷയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണവും നടത്തി. വർക്ക്ഷോപ്പ് ഓർഗനൈസിംഗ് സെക്രട്ടറി സയന്റിസ്റ്റ് ഡോ. മാത്യു ജോൺ സ്വാഗത പ്രസംഗവും സയന്റിസ്റ്റ് ഡോ. സുരേഷ്കുമാർ നന്ദി പ്രസംഗവും നടത്തി.

തുടർന്നുള്ള സെഷനുകളിൽ 'ബയോകെമിസ്ട്രി ഓഫ് ഇൻഫ്ളമേറ്ററി ഡിസീസ്' എന്ന വിഷയത്തെക്കുറിച്ച് ഡോ. പ്രീതി ഷേണായി (ബയോകെമിസ്ട്രി വകുപ്പ് മേധാവി, ജൂബിലി) സംസാരിച്ചു. മൂന്നാം തിയ്യതി നടന്ന പ്രഭാഷണത്തിൽ ഡോ. പ്രശാന്ത് വർഗ്ഗീസ് (ന്യൂറോളജി വിഭാഗം) 'ക്ലിനിക്കൽ സ്പെക്ട്രം ഓഫ് ന്യൂറോ ഓട്ടോ ഇമ്മ്യൂൺ ഡിസീസ്' എന്ന വിഷയം അവതരിപ്പിച്ചു. നാലാം തിയ്യതി അവസാനിച്ച വർക്ക്ഷോപ്പിൽ ഫാ. ഡോ. ഡേവ് അക്കര, സൈക്യാട്രി ആശംസാപ്രസംഗവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.




JCMR conducted the 66th Journal Club on 15th Wednesday, November 2023 at New CCM hall. Dr. Bibin Francis, Asst. Prof. Dept. of Medical Oncology was the speaker on the ocassion. The speaker presented the topic 'PDI-blockade in Mismatch Repair - Deficient, Locally Advanced Rectal Cancer' that was published in The New england Journal of Medicine, 2022 Vol; 386 (25). The article described about the action of dostarlimab in binding to PDI and subsequent attack on cancer cells. Dr. Andrews Kakkanatt, Dr. Mithun Chacko John and Dr. Dileep Vijayan gave their opinion about the article and participated in the discussion.

# ദൈവാനുഗ്രഹം കവിഞ്ഞൊഴുകിയ
# ഉദ്ഘാടനവും വെഞ്ചിരിപ്പും




ജൂബിലി മിഷൻ ആശുപത്രിയിലെ നവീകരിച്ച **ഡയാലിസിസ് വാർഡിന്റെ** ഉദ്ഘാടനവും വെഞ്ചിരിപ്പും അസി. ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂർ നിർവഹിച്ചു.




ജൂബിലി മിഷൻ ആശുപത്രിയിലെ പുതിയ **ജൂബിലി ഹാൾ** അഡ്മിനിസ്ട്രേഷൻ A ബ്ലോക്കിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു.




**പേഷ്യന്റ് റിലേഷൻസിന്റെ** പുതിയ ഓഫീസിന്റെ വെഞ്ചിരിപ്പ്. ഓൾഡ് ബ്ലോക്ക്, കാന്റീനു സമീപം






മൂന്നാം സെമസ്റ്റർ ബി.എസ്.സി. നഴ്സിങ്ങ് കേരള ആരോഗ്യ സർവ്വകലാശാല യൂണിവേഴ്സിറ്റി പരീക്ഷയിൽ 8 ഡിസ്റ്റിങ്ഷനും 41 ഫസ്റ്റ് ക്ലാസ്സോടുകൂടി 100 ശതമാനം വിജയം കരസ്ഥമാക്കിയ ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥികൾക്ക് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.




# ഖോ-ഖോ മത്സരത്തിൽ ഒന്നാം സ്ഥാനം

കേരള ആരോഗ്യ സർവകലാശാല നവംബർ 1-ന് ഒറ്റപ്പാലം പി.കെ. ദാസ് മെഡിക്കൽ കോളജിൽ സംഘടിപ്പിച്ച സി-സോൺ ഖോ-ഖോ മത്സരത്തിൽ ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങ് വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി. ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങിലെ ഫിസിക്കൽ എഡ്യുക്കേറ്റർ ജോർജ്ജ് ഇ.ജെ., ഖോ-ഖോ കോച്ച് ഓമന, എസ്.എൻ.എ. അഡ്വൈസർ സി. ഡെയ്സി മരിയ, ക്യാപ്റ്റൻ മെൽവിയ ഡൊമിനിക് എന്നിവരോടൊപ്പം ടീം അംഗങ്ങൾക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....











# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....













# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....














## ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....













ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....













# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....


























# Congratulations!



കോഴിക്കോട് നടന്ന പന്ത്രണ്ടാമത് സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിൽ 50 മീറ്റർ, 100 മീറ്റർ, ബ്രസ്റ്റ് സ്ട്രോക്ക്, 100 മീറ്റർ ബാക്ക് സ്ട്രോക്ക്, 4x50 മെഡ്‌ലി റിലേ, 4x50 ഫ്രീസ്റ്റൈൽ റിലേ എന്നീ മത്സരങ്ങളിൽ അഞ്ച് സ്വർണ്ണമെഡലുകളും കരസ്ഥമാക്കി. അന്താരാഷ്ട്രതലത്തിൽ കസാഖിസ്ഥാനിൽ സംഘടിപ്പിച്ച ട്രയാത്ത് ലോൺ (നീന്തൽ, സൈക്കിളിങ്ങ്, ഓട്ടം) മത്സരത്തിൽ 'അയൺ മാൻ' പട്ടം നേടിയ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വരുൺ മേനോൻ പി. ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ഹരിയാനയിലെ ഗുരുഗ്രാമിൽവെച്ച് നടന്ന ഏഴാമത് ആനുവൽ കോൺഫറൻസ് ഓഫ് ദി ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റിൽ (ISACON 2023) 'ട്രയൽ ഓഫ് ആർട്ടീരിയൽ ക്യാനുലേഷൻ ഇൻ പിഡിയാട്രിക് കെയർ' എന്ന വിഷയത്തെപ്പറ്റി പ്രചോദനാത്മകവും നൂതനവുമായ പ്രസന്റേഷൻ അവതരിപ്പിച്ച അസോ. പ്രൊഫസർ ഡോ. ബിനിൽ ഐസക് മാത്യുവിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ക്രിസ്ത്യൻ മെഡിക്കൽ കോളജ് വെല്ലൂരിൽ നിന്നും പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജെറിയാട്രിക്സിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ സീനിയർ റസിഡന്റ് ഡോ. സിജു ജോസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



Time-HF ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയുടെ ഭാഗമായി നടന്ന റിസർച്ച് സ്റ്റഡിയിൽ ബെസ്റ്റ് പേഷ്യന്റ് ഫോളോ അപ് അവാർഡ് കരസ്ഥമാക്കിയ ജൂബിലി ഹൃദയാലയ സി. ഐ. സി. യു. സ്റ്റാഫ് നഴ്സ്, ജോമറ്റ് കെ.സി. ക്കു ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.




# HIGH FLOW OXYGEN FOR ACUTE HYPOXEMIC RESPIRATORY FAILURE

## High Flow Nasal Cannula-HFNC

HFNC allows heated, humidified Oxygen,with an Fio2 of upto 1.0 and flow upto 60L/min and a small amount of end expiratory pressure(<5cm H2o) to be delivered to the patient via nasal cannula.

When a patient present with hypoxemia in an acute setting, when the O2 requirement is greater than what low flow O2 can provide or breathing is laboured, advance support is needed.

**The options include,**

- HFNC
- High flow via low flow system
- Niv or intubation

Unless concomitant hypercapnia is present or respiratory distress requiring immediate ventilation is present, HFNC is preferred.

This approach to use HFNC is for the most part aligned with guidelines issued by the European Respiratory Society.

HFNC has specific advantages over conventional oxygen systems and NIV -these include,

- Improved comfort
- the facilitation of expectoration due to greater humidification of secretions
- the washout of upper respiratory dead space to improve ventilation efficiency
- a small positive airway pressure effect
- high flow rates to minimize the entrainment of room air for reliable delivery of FiO2.

**HFNC compared to Low flow O2**

Compared to low flow O2, in patients with severe non hypercapnic hypoxemic respiratory failure, HFNC improves oxygenation, but there in no impact of HFNC on mortality; HFNC has been shown to significantly reduce rate of intubation and reintubation in specifically such patients.

In select etiologies, certain case series describe successful use of HFNC in acute hypoxemic respiratory failure due to severe HINI influenza, hematological malignancies, organ transplant, congestive heart failure and ARDS.

## HFNC compared to NIV

Data is limited and HFNC has not shown any consistent benefit in terms of intubation rates or outcomes in patients with hypoxemic respiratory failure.

Among patients with post-operative respiratory failure, HFNC and NIV were associated with significantly reduced rates of intubation and ICU-acquired infections compared with standard oxygen.

## Other specific uses

### In Weaning

High-flow tracheal oxygenation (HFTO), a modification of high-flow nasal cannula (HFNC), has been used in tracheostomized patients but only rarely for weaning. HFTO is an effective, safe therapy that facilitates tracheostomy tube removal in lung transplant recipients after weaning from positive mechanical ventilation.



### During bronchoscopy

hypoxemia is commonly found and oxygen supply can be delivered by interfaces fed with high gas flows. Under a flow rate of 40 L/min both the Venturi mask and HFNC behaved similarly, but HFNC associated with a 60 L/min flow produced the better results, thus indicating its use in mild respiratory dysfunctions.

### In CO poisoning

HFNC was superior than conventional face mask in alleviating COHb levels in the victims of CO poisoning.

### Intubation support

HFNC is an acceptable method to provide oxygen to patients undergoing intubation, both before (preoxygenation)

and during the procedure (to prevent desaturation). However, data regarding the value of HFNC for preoxygenation prior to intubation are conflicting

## How to Start

The approach employed in clinical practice is to initiate with a minimum flow of 30 L/min, and monitor dyspnea and the respiratory rate. If there is no improvement, the flow can be titrated according to patient comfort. While the patient is clinically monitored, It is increased at increments of 10 L/min up to 60 L/min .




**Temperature:** In order to optimize the humidification effect, the temperature should be set at 37°C.

**Oxygen:** Oxygen is adjusted to maintain SpO2 within target ranges of 92% 96% for most patients .

## The ROX index

The ROX index for intubation after HFNC- predicts HFNC

$$\text{ROX Index} = \frac{SPO_2/FIO_2}{\text{Respiratory Rate}}$$

Respiratory rate - OXygenation

failure or need for Intubation.

Its defined as the ratio of O2 saturation as measured by

pulse oximetry(SPO2) /oxygen fraction(Fio2) to respiratory rate.

Predicts risk of intubation at 2,6 and 12 hours.




While HFNC has been successfully used in several settings, the indications are not absolute.Much of the proven benefits are subjective and physiologic.

Hence, the choice of oxygen delivery system should be patient-specific, and factors to consider include institutional availability, clinicians judgment, patients preferences, the level of necessity for ventilation and PEEP, and hypoxemic severity.

**Dr. Sreekala Radhakrishnan**
Senior resident, Emergency medicine




# സെന്റ് ജൈൽസ് ക്ലിനിക്ക്

2022-ൽ പ്രവർത്തനം ആരംഭിച്ച സെന്റ് ജൈൽസ് ക്ലിനിക്ക് പ്രധാനമായും പതിനാലു വയസ്സുവരെയുള്ള ഭിന്നശേഷിയുള്ള കുട്ടികളെ ഉദ്ദേശിച്ചിട്ടുള്ളതാണ്. വളർന്നുവരുന്ന കുട്ടികൾക്കിടയിലെ വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനും വൈകല്യങ്ങൾ തടയുന്നതിനും കുറയ്ക്കുന്നതിനും അവരുടെ പരമാവധി കഴിവുകൾ കൈവരിക്കാൻ സഹായിക്കുന്നതിനും വേണ്ട ഇടപെടലുകൾ ലക്ഷ്യമിട്ടാണ് ഈ ക്ലിനിക്ക് ആരംഭിച്ചത്. കുട്ടികളുടെ മാതാപിതാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും വേണ്ടത്ര പരിശീലനവും സഹായവും ഇവിടെ പ്രധാനം ചെയ്യുന്നു. പ്രധാനമായും ഓട്ടിസം, പഠനവൈകല്യങ്ങൾ, മോട്ടോർ ന്യൂറോൺ ഡിസീസസ്, ബുദ്ധിപരമായ വൈകല്യങ്ങൾ എന്നിവയെ പരിഹരിക്കാൻ ഈ ക്ലിനിക്ക് ഉപയോഗപ്പെടുത്താം. ജൂബിലി മിഷൻ ഹോസ്പിറ്റലിലെ സെന്റ് തോമസ് ബ്ലോക്കിൽ എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ ഈ ക്ലിനിക്ക് പ്രവർത്തിക്കുന്നു. പീഡിയാട്രിക്, നിയോനേറ്റൽ, ന്യൂറോളജി, സൈക്യാട്രി, ഇ. എൻ. ടി., ഓർത്തോപീഡിക്സ്, പി.എം.ആർ., സൈക്കോളജി തുടങ്ങി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെയാണ് ഈ ക്ലിനിക്ക് പ്രവർത്തിക്കുന്നത്.

ഈ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് ജൂബിലി മിഷൻ ഹോസ്പിറ്റലിലെ മറ്റെല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഫ്രീ കൺസൾട്ടേഷൻ & ബുക്കിങ്ങ് ആയിരിക്കും. അഡ്മിഷനിൽ 10% ഡിസ്കൗണ്ട് ഉണ്ടായിരിക്കും.

അന്വേഷണങ്ങൾക്കും രജിസ്ട്രേഷനും 8590015788/ 0487 - 2432200 എന്ന നമ്പറിൽ ബന്ധപ്പെടുക.



# Welcome TO JUBILEE FAMILY

| | |
|---|---|
| Dr. Anjali Anna Thomas | Anaesthesia |
| Dr. Riji Vincent Tharakan | Mc Forensic Medicine |
| Dr. Richard Wilson | Gastroenterology |
| Dr. Febi Susan Philipose | Cardiology |
| Dr. Maria Thomas Wilson | Cardiology |
| Dr. Rohini J Warrier | Neurosurgery |
| Dr. Rohit Paul | Plastic Surgery |
| Mr. Amal Shibu | Physiotherapy & Rehabilitation |
| Ms. Mereena Martin | Counter |
| Ms. Christy Joy | Counter |
| Ms. Mariya M J | Counter |
| Ms. Shiny P S | Cash / Billing |
| Ms. Dayana Davis | Radiology |
| Ms. Dency Davis | Radiology |
| Sr. Elena (Elsy E P) | Pastoral Care |

| | |
|---|---|
| Ms. Timia Sunny | Medical Records |
| Mrs. Mariya Jose | Medical Records |
| Mrs. Evelin Thomas | Patient Relations |
| Mrs. Jeena P J | Nursing |
| Ms. Simi K P | Nursing |
| Ms. Juliet Mary | Pharmacy |
| Ms. Annet Sebastian | Pharmacy |
| Ms. Anet Andrews | Pharmacy |
| Dr. Gitty Thimothy | M C Pharmacology |
| Mr. Pampavasan T N | Engineering Wing |
| Mr. Jestin B K | Maintenance |

# യാത്രാമംഗളങ്ങൾ



20 വർഷത്തോളം ഫാർമക്കോളജി വിഭാഗത്തിൽ പ്രൊഫസറായി നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത ഡോ. റാഫേൽ എം. പി. യ്ക്ക് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



15 വർഷത്തോളം ഫാർമക്കോളജി വിഭാഗത്തിൽ പ്രൊഫസർ & എച്ച്. ഒ. ഡി.യായി നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത ഡോ. എൽസി എം. ഐ. യ്ക്ക് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



38 വർഷത്തോളം ഹൗസ് കീപ്പിങ്ങ് വിഭാഗത്തിൽ നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത റെജീന വി. ജെ.യ്ക്ക് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



18 വർഷത്തോളം ഹൗസ് കീപ്പിങ്ങ് വിഭാഗത്തിൽ നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത ആനി തിമത്തിയ്ക്ക് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



14 വർഷത്തോളം സെൻട്രൽ ലബോറട്ടറിയിൽ ടെക്നീഷ്യനായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത ലിസി ജോസഫിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ




2023 ഒക്ടോബർ 27-ന് ഇസ്കെമിക് സ്ട്രോക്ക് മൂലം എന്റെ വലതുവശം തളർന്നു. എനിക്ക് വ്യക്തമായി സംസാരിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഞാൻ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ എത്തുന്നത്. അപ്പോൾ തന്നെ 'കോഡ് 7 അക്യൂട്ട് സ്ട്രോക്ക് അലർട്ട്' ചെയ്തു.

Together,
We are the
Patient Experience !

എനിക്ക് ഉടനടി എമർജൻസി മെഡിസിൻ ടീമിൽ നിന്നും ന്യൂറോളജി ടീമിൽ നിന്നും വേണ്ടത്ര പരിചരണം ലഭിച്ചു. ഹോസ്പിറ്റലിൽ എത്തി 5 മിനിറ്റിനുള്ളിൽ എനിക്ക് ക്ലോട്ട് ബസ്റ്റർ മരുന്ന് കിട്ടി. ഡോക്ടറിന്റെ സമയോചിതമായ ഇടപെടലാണ് എന്റെ ജീവൻ രക്ഷിച്ചത്.

ഡോ. ഫിജു ചാക്കോയെ ഞാൻ നന്ദിപൂർവ്വം ഓർക്കുന്നു. എമർജൻസി മെഡിസിൻ ടീം, ഐ.സി.യു.വിലെ ന്യൂറോളജി നഴ്സുമാർ, ന്യൂറോളജി ടീം, മറ്റെല്ലാ കാഷ്വാലിറ്റി സ്റ്റാഫുകൾ എന്നിവരോടും ഞാൻ അങ്ങേയറ്റം നന്ദി പറയുന്നു.

**അഡ്വ. ജോസ്**



# ഉണ്ണിയേശുവിനെ സ്വീകരിക്കാൻ ഹൃദയമൊരുക്കാം

**‘‘ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു’’** (ലൂക്കാ 2/11). സ്നേഹത്താൽ വീർപ്പുമുട്ടിയ ദൈവപിതാവിന്റെ സ്നേഹസമ്മാനമായി, അന്ധകാരത്തിൽ നക്ഷത്രദീപ്തി പരത്തി, ആശ്വാസത്തിന്റെ കുളിർതെന്നലും പ്രതീക്ഷകളുടെ ഇളംനാമ്പുകളും വിടർത്തി ബെത്‌ലെഹെമിൽ പിറന്ന ഉണ്ണീശോയുടെ ജന്മദിനം ആഘോഷിക്കാൻ ഒരുങ്ങേണ്ട ആഗമനകാലം ആഗതമായി.

ഈ ക്രിസ്തുമസ് ദിനത്തിൽ ഉണ്ണീശോ പിറക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഹൃദയ പുൽക്കൂട്ടിൽ ആയിരിക്കണം. ആയിരം പുൽക്കൂട്ടിൽ ഉണ്ണി പിറന്നാലും എന്റെ ഹൃദയ പുൽക്കൂട്ടിൽ ഉണ്ണി പിറന്നില്ലെങ്കിൽ ക്രിസ്തുമസ്സ് ആഘോഷങ്ങളെല്ലാം നിരർത്ഥകമാകും. വിശുദ്ധ യൗസേപ്പിതാവിന്റെ ഹൃദയവിശുദ്ധിയും പരിശുദ്ധ കന്യകാമറിയത്തിന്റെ എളിമയും ഒരു രക്ഷകനെ സമ്മാനിച്ചു.

ലോകരക്ഷകനായ ഉണ്ണിയേശുവിനെ സ്വീകരിക്കുവാൻ നമ്മുടെ ഹൃദയത്തെ നിർമ്മലവും പരിശുദ്ധവുമാക്കാം. ക്രിസ്തുമസ് ആകുന്ന സ്വർഗ്ഗീയ സന്തോഷം അനുഭവിക്കാനായി, സ്നേഹമാകുന്ന പൊന്നും ത്യാഗമാകുന്ന മീറയും പ്രാർത്ഥനയാകുന്ന കുന്തിരിക്കവും നമുക്ക് ഉണ്ണീശോയ്ക്ക് കാഴ്ചയായി അർപ്പിക്കാം. നമ്മുടെ വാക്കുകൾ ഉണ്ണീശോയുടെ നാമാമൃതം കൊണ്ട് നിറയ്ക്കാം. നമ്മുടെ കണ്ണുകൾ ഉണ്ണീശോയുടെ സുന്ദരരൂപം കൊണ്ട് നിറയ്ക്കാം. നമ്മുടെ ഹൃദയത്തെ അവിടുത്തെ മധുരസ്മരണ കൊണ്ട് നിറയ്ക്കാം. അങ്ങനെ വിശുദ്ധിയിലും എളിമയിലും നമുക്ക് ദിവ്യസുതന്റെ പിറവി വാഴ്ത്തിപ്പാടാം.

പുൽക്കൂടിന്റെ ലാളിത്യത്തിലും ഇടയന്മാരുടെ നിഷ്കളങ്കതയിലും മഞ്ഞിന്റെ നൈർമ്മല്യത്തിലും മാലാഖമാരുടെ വിശുദ്ധിയിലും ജീവിച്ച് യേശുവിനെ ലോകത്തിന് പ്രദാനം ചെയ്ത കരുണയുടെ കവാടമായ പരിശുദ്ധ അമ്മയെപ്പോലെ, പുൽക്കൂട് പകരുന്ന ആത്മീയതയുടെ ചൂട് നുകർന്നുകൊണ്ട് രക്ഷകനെ വഹിക്കുന്ന പുൽത്തൊഴുത്തുകളായി നമുക്ക് മാറാം. കാരുണ്യത്തിന്റെ സ്നേഹോഷ്മളമായ വിരുന്ന് അപരന് നൽകാൻ പരസ്നേഹത്തിന്റെ പുൽക്കൂടൊരുക്കാൻ നമുക്ക് പരിശ്രമിക്കാം. ഒരിക്കൽകൂടി ക്രിസ്തുമസ്സ് ആഘോഷിക്കുമ്പോൾ സ്നേഹം ഹൃദയത്തിലും ബന്ധങ്ങളിലും മാംസം ധരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ചെറുതാകലിന്റെ ഭാവങ്ങളിൽ വലുപ്പത്തിന്റെ രഹസ്യങ്ങൾ തിരിച്ചറിയാം.



നക്ഷത്രം കണ്ട് ഇറങ്ങിപ്പുറപ്പെട്ട് രക്ഷകനെ കണ്ടെത്തിയ രാജാക്കന്മാരുടെ നിശ്ചയദാർഢ്യം കാത്തിരിപ്പിന്റെ ഈ നാൾവഴികളിൽ നമുക്ക് കരുത്താകട്ടെ. വിണ്ണു വിട്ടിറങ്ങിയ ദൈവപുത്രൻ മണ്ണിൽ നമുക്കെന്നും കൂട്ടാകട്ടെ. കാത്തിരിക്കുന്നവന്റെ ജീവിതത്തിലേയ്ക്ക് കരുതലായി, പുണ്യമായി, ഇറങ്ങിച്ചെല്ലാൻ വിശ്വാസത്തിന്റെ പ്രകാശമാകുന്ന വെള്ളിനക്ഷത്രമാകാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. താരകങ്ങൾ മിഴിചിമ്മുന്ന ഈ ക്രിസ്തുമസ് രാവുകളിൽ ശാന്തിഗീതത്തിന്റെ നന്മകൾ എല്ലാവർക്കും നേരുന്നു.

**സി. ഡെന്നി റോസ്**
സെൻട്രൽ ലാബ്



# ആർത്തവവിരാമം
## പ്രശ്നവും പരിഹാരവും

മെനോപോസ് അല്ലെങ്കിൽ ആർത്തവ വിരാമം ഒരു രോഗമല്ല എന്നും അത് പ്രകൃതിയിൽ വരുന്ന സാധാരണ പ്രക്രിയ ആണെന്നും നമുക്ക് അറിയാം. വർഷങ്ങൾക്ക് മുൻപ്, നാം ചിന്തിക്കുകയാണെങ്കിൽ ഇങ്ങനെ ഒരു വിഷയം അധികം ആരും ചർച്ചയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇത് ഒരു പ്രശ്നമായോ ബുദ്ധിമുട്ടായോ ആരെയും കാര്യമായി അലട്ടിയിരുന്നില്ല. ഇപ്പോൾ മെനോപോസ് ഒരു രോഗം പോലെ ചികിത്സിക്കാൻ ഇടയായി തുടങ്ങിയിരിക്കുന്നു. മെനോപോസ് അല്ലെങ്കിൽ പെരിമെനോപോസൽ സിംപ്ടംസ് മനസ്സിലാക്കാനോ പരിഹരിക്കാനോ സാധിക്കാത്ത അവസരങ്ങളും ഉണ്ടാകുന്നുണ്ട്.

- സാധാരണയായി കണ്ടുവരുന്ന അമിതമായ വിയർപ്പ്
- ദേഹാസ്വാസ്ഥ്യങ്ങൾ
- ഉറക്കമില്ലായ്മ
- പെരുമാറ്റത്തിലെ മാറ്റങ്ങൾ
- അമിതമായ ക്ഷീണം
- അകാരണമായ ദേഷ്യം
- ആകുലത
- സങ്കടം

എന്നിങ്ങനെ പോകുന്നു ലക്ഷണങ്ങൾ. ശരീരത്തിൽ നീര് വരുന്നു, പ്രത്യേകമായി സന്ധികളിൽ. ശരീരത്തിന്റെ ഭാരം അമിതമായി കൂടിവരുന്നു. ത്വക്ക് വളരെ വരണ്ടുപോകുന്നു. ഇതെല്ലാം അനേകരെ അസ്വസ്ഥരാക്കുന്നുണ്ട്. പലരും താല്ക്കാലികമായ പ്രതിവിധികൾക്കായി ഓടിനടക്കുകയാണ്.

ആയുർവേദശാസ്ത്രം ആർത്തവ വിഷയത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യണം എന്ന് ലളിതമായി പ്രതിപാദിക്കുന്നുണ്ട്. നമ്മുടെ ആഹാരം, വിഹാരം എന്നിവയെല്ലാം ഇവിടെ പ്രധാനപ്പെട്ടതാണ്.

പഥ്യങ്ങളും അപഥ്യങ്ങളും വിവരിക്കുന്നു. ശാരീരികവും മാനസികവുമായ പ്രതിവിധികൾ നിഷ്കർഷിക്കുന്നു. പരിഹാരത്തിന് ഔഷധങ്ങളെക്കാൾ ആഹാരത്തെ ശ്രദ്ധിക്കാൻ നിർദ്ദേശങ്ങൾ ഉണ്ട്.

ആർത്തവ വിരാമത്തോടെ, പിത്തദോഷം പ്രധാനമായിരുന്ന ശരീരഘടനയിൽനിന്ന് ഒരു സ്ത്രീയ്ക്ക് വാതദോഷ പ്രധാനമായ ഒരു ശാരീരിക അവസ്ഥയിലേക്ക് മാറ്റം വരുന്നു. ഇത് ശരീരത്തിന്റെ സന്തുലിതാവസ്ഥയിൽ ഒരു വലിയ മാറ്റം വരുത്തുന്നു. ശരീരത്തിന്റെ ഓജസ്സിലും തേജസ്സിലും വലിയ കുറവ് സംഭവിക്കുന്നു. സാധാരണയായി കഴിക്കുന്ന ആഹാരത്തെപ്പോലും ദഹിപ്പിക്കാൻ സഹായിക്കുന്ന അഗ്നിയുടെ കുറവ് ഉണ്ടാകുന്നു. ദഹനവ്യവസ്ഥയിൽ മാറ്റം വരുന്നതോടെ ശരീരഭാരം വർദ്ധിക്കാൻ തുടങ്ങുന്നു. ഈസ്ട്രോജൻ, പ്രോജെസ്ട്രോൺ ഹോർമോണുകളുടെ അളവിലും വ്യത്യാസം അതായത് കുറവ് സംഭവിക്കുന്നു. ഇത് ആർത്തവ വിരാമത്തിൽ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണമാകുന്നു.

ഇതിൽ അസ്വസ്ഥരാകാതെ, ഇതിനുള്ള പരിഹാരം ദൈനംദിനമുള്ള ആഹാരത്തിലൂടെയും ആരോഗ്യകരമായ ജീവിതശൈലിയിലൂടെയും നമുക്ക് കണ്ടെത്താൻ സാധിക്കണം. ഫൈറ്റോ ഈസ്ട്രോജൻ അടങ്ങുന്ന ആഹാരങ്ങൾ ഉണ്ട്. ഈസ്ട്രോജന്റെ അളവിനെ സന്തുലിതാവസ്ഥയിൽ നിലനിർത്താൻ ആഹാരത്തിലൂടെതന്നെ നമുക്ക് സാധിക്കും. നമ്മുടെ ജീവിതശൈലിയിലും ആഹാരത്തിലും വന്നിരിക്കുന്ന വലിയ മാറ്റം നമ്മെ ഒരുപാട് ബാധിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും അനുയോജ്യമായി നമ്മുടെ നാട്ടിൽതന്നെ ലഭ്യമാകുന്ന ഭക്ഷ്യവസ്തുക്കളിലേക്ക് നമുക്ക് കുറച്ചുകൂടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. ഫൈറ്റോ ഈസ്ട്രോജൻ അടങ്ങിയിട്ടുള്ള കറുത്ത എള്ള്, സോയാബീൻ, കുമ്പളങ്ങ,



ചേമ്പ്, കാച്ചിൽ - ഇവയെല്ലാം നമ്മുടെ ഭക്ഷണ പദാർത്ഥങ്ങളിൽ കൂട്ടിച്ചേർക്കുന്നത് വളരെ നല്ലതും ഉപകാരപ്രദവുമാണ്. നല്ല ആഹാരരീതി സ്വീകരിക്കേണ്ടതും അത്യാവശ്യമാണ്. അന്നന്നു പാകം ചെയ്യുന്നവ അന്നന്നുതന്നെ ഭക്ഷിക്കുക, നമ്മുടെ ഭക്ഷണ ത്തിൽ കാൽസ്യവും മറ്റു മിനറൽസും ലഭ്യമാകുന്ന ഭക്ഷണരീതി സ്വീകരിക്കുക. അത്യധികമായ ശാരീരിക അസ്വാസ്ഥ്യങ്ങൾക്ക് വൈദ്യന്റെ നിർദ്ദേശം സ്വീകരിക്കാൻ മടിക്കരുത്.

'മിതം ഹിതം അന്നം - ആരോഗ്യദായകം'. ശരീരത്തിന് അനുയോജ്യമായ ഭക്ഷണം മിതമായി കഴിച്ചാൽ ആരോഗ്യം സുനിശ്ചിതമാണ്. പ്രാതൽ ലഘുവും പ്രധാനഭക്ഷണം മദ്ധ്യാഹ്ന ത്തിലും അത്താഴം സൂര്യാസ്തമനശേഷം കഴിവതും നേരത്തെ വേണ്ടതുമാണ്. ശരിയായ ഉറക്കവും ശരീരത്തിന് അഭികാമ്യ മാണ്. അത് ആരോഗ്യത്തെ നിലനിർത്തുന്നു. നല്ലൊരു ആഹാ രരീതിയും ദിനചര്യയും നമ്മുടെ ജീവിതത്തിന്റെ ഭാഗം ആയി ത്തീരട്ടെ. മനസ്സും ശരീരവും ആത്മാവും ഉണർവും ഉന്മേഷവും ഉള്ളതായി തീരട്ടെ.

**- ഡോ. സി. നിർലീന**
കൺസൾട്ടന്റ് ജൂബിലി ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board

Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul


ഞാൻ നിമിത്തം നിൻെറ ദിനങ്ങൾ പെരുകും;
നിൻെറ ആയുസ്സിനോടു
കൂടുതൽ സംവത്സരങ്ങൾ ചേരും.
സുഭാ. 9: 11
Happy New Year
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE